## ജില്ലാ അദാലത്ത് സമിതി യോഗം-

29/ 02/2024 ൽ ഓൺലൈൻ ആയി നടന്ന മീറ്റിംഗിൽ പരിഗണിച്ച പരാതികളും ആയതിന്മേൽ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്ന ഉപദേശവും ചുവടെ ചേർക്കുന്നു.

പരാതി നം- BPTVMC0167000035

| | | |
|---|---|---|
| പരാതിക്കാരൻറെ പേര് | - | ശ്രീ. അനിൽ കുമാർ.ബി.<br>TC6/799, അത്തം, ഉള്ളൂർ- ആക്കുളം റോഡ്. |
| പരാതി വിഷയം | - | വീടിനും കടയ്ക്കും കെട്ടിട നമ്പർ അനുവദിക്കുന്നില്ലായെന്നുള്ള നവകേരള സദസ്സിൽ സമർപ്പിച്ച അപേക്ഷ-സംബന്ധിച്ച്. |
| സൂചന | - | സിറ്റിസൺ അസിസ്റ്റൻസ് തിരുവനന്തപുരം ജില്ലാതല അദാലത്ത് സമിതി കൺവീനറുടെ ലോഗിനിൽ ലഭിച്ച BPTVMC0167000035 ഡോക്കറ്റ് നമ്പർ പരാതി. |

സൂചന പരാതിയിന്മേൽ തിരുവനന്തപുരം ജില്ലാതല അദാലത്ത് സമിതി തിരുവനന്തപുരം നഗരസഭ സെക്രട്ടറിയ്ക്ക് നൽകുന്ന ഉപദേശം.

തിരുവനന്തപുരം നഗരസഭയിലെ ആക്കുളം വാർഡിൽ അപേക്ഷകൻറെ പേരിലുള്ള വീടിനും കടയ്ക്കും കെട്ടിട നമ്പർ അനുവദിച്ച് കരം ഈടാക്കുന്നില്ലായെന്നുള്ള നവകേരള സദസ്സിൽ നൽകിയ പരാതിയിന്മേൽ സ്ഥലപരിശോധന നടത്തിയതിൻറെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട്.

അപേക്ഷകൻറെ കെട്ടിടം ഉള്ളൂർ-ആക്കുളം റോഡിനോട് ചേർന്നാണ് സ്ഥിതിചെയ്യുന്നത്. ടി കെട്ടിടം KMBR23,26 ൽ നിഷ്കർഷിക്കുന്ന അളവുകൾ പ്രകാരമുള്ള തുറന്ന സ്ഥലങ്ങൾ വിവിധ വശങ്ങളിൽ വിടാതെയാണ് പണികഴിപ്പിച്ചിരിക്കുന്നതെന്ന് ബോധ്യപ്പെടുകയുണ്ടായി. 2019 നവംബർ 7-ാം തീയതിയിലോ അതിനു മുമ്പോ നിർമ്മാണം നടന്നതോ പൂർത്തീകരിച്ചതോ ആയ അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനായി 9/02/2024 ലെ സ.ഉ(പി) നമ്പർ 20/2024/LSGDTVM നമ്പറായി പുറപ്പെടുവിച്ച 2024 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ചട്ടങ്ങൾ) പ്രകാരം തിരുവനന്തപുരം നഗരസഭയിൽ യഥാവിധി അപേക്ഷ നൽകുന്നതിന് നിലവിൽ അവസരമുണ്ടെന്ന വിവരം ശ്രീ. അനിൽ കുമാറിൻറെ ശ്രദ്ധയിൽപ്പെടുത്തിയും അത്തരത്തിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ചട്ടങ്ങൾക്ക് വിധേയമായി പരാതിയ്ക്ക് ആസ്പദമായ കെട്ടിടത്തിന് നമ്പർ അനുവദിക്കുന്ന വിഷയത്തിൽ തീരുമാനമെടുക്കുന്നതിന് തിരുവനന്തപുരം നഗരസഭ സെക്രട്ടറിയോട് ഉപദേശിച്ചും തീരുമാനിച്ചു.